# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | YEAR OF OUR LORD JESUS CHRIST, 2024 OCTOBER | No. 12


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സദൃശ്യവാക്യങ്ങൾ 13:1 – 10**

01. ജ്ഞാനമുള്ള മകൻ അപ്പന്റെ പ്രബോധനഫലം; പരിഹാസിയോ ശാസന കേട്ടനുസരിക്കുന്നില്ല.

02. തന്റെ വായുടെ ഫലത്താൽ മനുഷ്യൻ നന്മ അനുഭവിക്കും; ദ്രോഹികളുടെ ആഗ്രഹമോ സാഹസം തന്നേ.

03. വായെ കാത്തുകൊള്ളുന്നവൻ പ്രാണനെ സൂക്ഷിക്കുന്നു; അധരങ്ങളെ പിളർക്കുന്നവന്നോ നാശം ഭവിക്കും.

04. മടിയൻ കൊതിച്ചിട്ടും ഒന്നും കിട്ടുന്നില്ല; ഉത്സാഹികളുടെ പ്രാണന്നോ പുഷ്ടിയുണ്ടാകും.

05. നീതിമാൻ ഭോഷ്ക്കു വെറുക്കുന്നു; ദുഷ്ടനോ ലജ്ജയും നിന്ദയും വരുത്തുന്നു.

06. നീതി സന്മാർഗ്ഗിയെ കാക്കുന്നു; ദുഷ്ടതയോ പാപിയെ മറിച്ചുകളയുന്നു.

07. ഒന്നും ഇല്ലാഞ്ഞിട്ടും ധനികൻ എന്നു നടിക്കുന്നവൻ ഉണ്ടു; വളരെ ധനം ഉണ്ടായിട്ടും ദരിദ്രൻ എന്നു നടിക്കുന്നവനും ഉണ്ടു.

08. മനുഷ്യന്റെ ജീവന്നു മറുവില അവന്റെ സമ്പത്തു തന്നേ; ദരിദ്രനോ ഭീഷണി പോലും കേൾക്കേണ്ടിവരുന്നില്ല.

09. നീതിമാന്റെ വെളിച്ചം പ്രകാശിക്കുന്നു; ദുഷ്ടന്മാരുടെ വിളക്കോ കെട്ടുപോകും.

10. അഹങ്കാരം കൊണ്ടു വിവാദംമാത്രം ഉണ്ടാകുന്നു; ആലോചന കേൾക്കുന്നവരുടെ പക്കലോ ജ്ഞാനം ഉണ്ടു.

## നമ്മുടെ ചിന്തകൾക്ക് പ്രാധാന്യമുണ്ട്. ദാവീദിൽ നിന്നുള്ള പ്രതിഫലനങ്ങൾ

**OUR THOUGHTS MATTER. REFLECTIONS FROM DAVID**

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ എല്ലാവർക്കും ആശംസകൾ!

വിളിയുടെ പ്രതിധ്വനി മാസികയിലൂടെ വിദൂര കുടുംബാംഗങ്ങളുമായി ബന്ധപ്പെടുവാൻ ഞങ്ങളെ ഓരോ മാസവും സഹായിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. നമ്മുടെ ജീവിതത്തിൽ തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനും തന്റെ തിരിച്ചുവരവിനായി നമ്മെ തയ്യാറാക്കുന്നതിനും കർത്താവ് തുടർന്നും നമ്മെ നയിക്കുകയും നടത്തുകയും ചെയ്യട്ടെ.

"നിങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ, നിങ്ങൾ പരാജയപ്പെടുവാൻ പദ്ധതിയിടുന്നു" എന്ന് അമേരിക്കൻ ഐക്യനാടുകളുടെ സ്ഥാപക പിതാവായി കണക്കാക്കപ്പെടുന്ന ബെഞ്ചമിൻ ഫ്രാങ്ക്ളിൻ ഒരിക്കൽ പറഞ്ഞു. ഇവ ആഴത്തിൽ സ്വാധീനം ചെലുത്തുന്ന വാക്കുകളാണ്. ആസൂത്രണം നമ്മുടെ ജീവിതത്തിലെ നിർണ്ണായക വശമാണ്.

ചില വ്യക്തികൾ ആസൂത്രണത്തിലും നിർവ്വഹണത്തിലും മികവു പുലർത്തുന്നു.

മറ്റുള്ളവർ ആസൂത്രണം ചെയ്തേക്കാം, പക്ഷെ അവരുടെ തന്ത്രങ്ങൾ നടപ്പിലാക്കാൻ പാടുപെടുന്നു.

ആസൂത്രണം ഒന്നും ചെയ്യാതെ, ഒഴുക്കിനൊപ്പം പോകാൻ തീരുമാനിക്കുന്ന മറ്റൊരു കൂട്ടരുമുണ്ട്.

3–ാം പേജിൽ തുടരും...




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.


**Tamil Sunday Service – 8.30 A.M.**

*** Please Subscribe and Share ***

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...





"The LORD shall fight for you, and ye shall hold your peace" – Exodus 14:14

**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
HON. MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

പ്രീയപ്പെട്ട സുഹൃത്തുക്കളേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ സമാധതകളില്ലാത്ത നാമത്തിൽ ഞങ്ങൾ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ആത്മകഥ തയ്യാറാക്കുന്ന പ്രക്രിയയിലാണ് ഞങ്ങൾ. കഴിഞ്ഞ 55 വർഷങ്ങളിലുള്ള വിളിയുടെ പ്രതിധ്വനി ശുശ്രൂഷകളിലൂടെ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവുമായി ശ്രദ്ധേയമായ കൂടിക്കാഴ്ച നടത്തിയിട്ടുണ്ടെങ്കിൽ, ഈ ആത്മകഥയിൽ ഉൾപ്പെടുത്തുന്നതിനായി നിങ്ങളുടെ അനുഭവങ്ങൾ ഞങ്ങളുമായി പങ്കിടുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും!

2024 ന്റെ അവസാനത്തോട് അടുക്കുമ്പോൾ, പറഞ്ഞറിയിക്കാനാകാത്തതും വിശദീകരിക്കാനാകാത്തതുമായ സമയബന്ധിതമായ സഹായത്തിനായി നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾ നിങ്ങളുമായി കൈകോർക്കുന്നു. നിരവധി അവസരങ്ങളിൽ, ഞങ്ങളുടെ പ്രവർത്തനങ്ങളെ പിന്തുണക്കാൻ ദൈവം നിങ്ങളെ ഉപയോഗിച്ചിട്ടുണ്ട്. അതേ ദൈവം, യേശുക്രിസ്തുവിലേക്ക് ഇന്ന് നിങ്ങൾക്കും എത്തിച്ചേരാവുന്നതാണ്. അതിനാൽ, നിങ്ങൾക്ക് അവനിൽ വിശ്വസിക്കാനും നിങ്ങളുടെ സ്വന്തം ജീവിതത്തിൽ ഒരു അത്ഭുതത്തിനായി അവനെ ആശ്രയിക്കാനും കഴിയും.

ഈ ലക്കത്തിലൂടെ, ഞങ്ങളുടെ ശുശ്രൂഷയുടെ താഴെ പറയുന്ന മേഖലകൾക്കായി നിങ്ങളുടെ തീഷ്ണമായ പ്രാർത്ഥനകൾ ഞങ്ങൾ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

- ഓരോ മാസവും 16 ഭാഷകളിലെ **വിളിയുടെ പ്രതിധ്വനി** വാർത്താക്കുറിപ്പ് പ്രസിദ്ധീകരിക്കുവാൻ ഏകദേശം 75 പേർ പിന്നിൽ പ്രവർത്തിക്കുന്നു. സന്ദേശങ്ങൾ തയ്യാറാക്കൽ, ടൈപ്പിംഗ്, വിവർത്തനം, പ്രൂഫ് റീഡിംഗം, ലെഔട്ട്, മെഷീൻ പ്രിന്റിംഗ്, ഹാന്റ് ഫോൾഡിംഗ്, ലേബലിംഗ്, നിർദ്ദിഷ്ട തീയതികളിൽ വാർത്താക്കുറിപ്പ് പോസ്റ്റ് ഓഫീസിൽ എത്തിക്കൽ, ഇമെയിലുകൾ അയക്കൽ എന്നിവ ഇവരുടെ ചുമതലകളിൽ പെടുന്നു. ഈയിടെയായി, ശുശ്രൂഷ വളർന്നപ്പോൾ, ശത്രു ഈ സഹോദരങ്ങളെ ലക്ഷ്യമിട്ട്, രോഗം, കുടുംബപ്രശ്നങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ എന്നിവയിലൂടെ അവരെ ശല്ല്യപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ 75 പേരുടെയും, അവരുടെ കുടുംബത്തിന്റെയും ഉന്നമനത്തിനായി അവരെ ഓർത്തു പ്രാർത്ഥിക്കുവിൻ.
- കാലക്രമേണ, തൊഴിലാളികളുടെ മാനസികാവസ്ഥ, സർക്കാർ നയങ്ങൾ, സുഹൃത്തുക്കളിൽ നിന്നുള്ള സാമ്പത്തിക സഹായത്തിലുള്ള കുറവ് എന്നിവ കാരണം ഭരണപരമായ വെല്ലുവിളികൾ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ പല വിശ്വാസികളും അഭിവൃദ്ധി, തെറ്റായ ഉപദേശങ്ങൾ, ആത്മീയ ലോകത്തിന്റെ ആകർഷണങ്ങൾ എന്നിവയാൽ സ്വാധീനിക്കപ്പെടുകയും യഥാർത്ഥ ദൈവദാസന്മാരോടുള്ള അവഗണയിലേക്കും നയിക്കപ്പെടുന്നു. ഈ സാഹചര്യം ഞങ്ങളെ ബാധിക്കുന്നു എങ്കിലും തന്റെ ദാസന്മാരെയും ശുശ്രൂഷകളെയും പരിപാലിക്കുന്നതിൽ നമ്മുടെ ദൈവം വിശ്വസ്തനാണ്. ഈ സാഹചര്യത്തിൽ ഒരു മാറ്റത്തിനായി ദയവായി പ്രാർത്ഥിക്കുവിൻ.
- നമ്മുടെ ആലയങ്ങൾ, **നെഹെമ്യ ബൈബിൾ കോളേജുകൾ,** തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ, ബൈബിൾകോർ - വേദപുസ്തക കറസ്പോണ്ടൻസ് കോഴ്സുകൾ, യുട്യൂബ് ശുശ്രൂഷ, **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ,** പ്രിന്റിംഗ് പ്രസ്സ്

എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നു; എന്നിരുന്നാലും, ഈ സംരംഭങ്ങൾക്കെല്ലാം ആത്മീയവും സാമ്പത്തികവുമായ പ്രോത്സാഹനം ആവശ്യമാണ്.

- ഞങ്ങളുടെ ദൌത്യമേഖലകൾ, ആലയങ്ങൾ, അച്ചടിശാല, ഓഫീസുകൾ, വിദ്യാലയങ്ങൾ, ബൈബിൾ കോളേജുകൾ എന്നിവയിൽ ഞങ്ങളോടു ചേർന്നു പ്രവർത്തിക്കുവാനായി കൂടുതൽ അർപ്പണബോധമുള്ള ജീവനക്കാരെ ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നു.
- ഞങ്ങളുടെ ഹിന്ദി, തമിഴ് നെഹെമ്യ ബൈബിൾ കോളേജുകളിലേക്ക് വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നത് ഞങ്ങൾക്ക് വെല്ലുവിളിയാണ്. ചില നേതാക്കൾ, തങ്ങളുടെ യുവാക്കളെ ബൈബിൾ കോളേജുകളിലേക്ക് അയക്കാൻ വിമുഖത കാണിക്കുന്നു. എന്നിരുന്നാലും ലഭിക്കുന്ന വിദ്യാർത്ഥികളെ വിവിധ മേഖലകളിലേക്ക് തിരിച്ചയക്കുന്നതിനുമുമ്പ് അവരെ ശ്രദ്ധാപൂർവ്വം പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ഭക്ഷണം നൽകുകയും, അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കുകയും, ദൈവദത്തമായ വിളിക്കനുസരിച്ച് അവരുടെ ശുശ്രൂഷ തുടരാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ഇതിന് ഞങ്ങൾ അവരുടെ പക്കൽ നിന്നും ഫീസ് ഒന്നും ഈടാക്കുന്നില്ല. ഞങ്ങൾ പരിശീലിപ്പിച്ച വിദ്യാർത്ഥികൾ മിഷൻ ഫീൽഡുകളിൽ നക്ഷത്രങ്ങളെപ്പോലെ തിളങ്ങുന്നു. ഈ സാഹചര്യത്തിനായി പ്രാർത്ഥിക്കുവിൻ.

ഈ വർഷം സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ വിവിധ വിദൂര ശുശ്രൂഷകൾ ചെയ്യാൻ ഞങ്ങൾ തീരുമാനമെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ സംരക്ഷണത്തിനായി നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾ ആവശ്യപ്പെടുന്നു.

ശുശ്രൂഷയിൽ നാം ഒരുമിച്ചു യാത്ര ചെയ്യുമ്പോൾ നിങ്ങൾ ഞങ്ങൾക്കു നൽകുന്ന എല്ലാ പിന്തുണക്കായും ഞങ്ങൾ അഭിനന്ദനം അറിയിക്കുന്നു. നിങ്ങളുടെ എല്ലാ കത്തുകളോടും ഇമെയിലുകളോടും പ്രതികരിക്കാനും മണിഓർഡറുകൾ, ബാങ്ക് ചെയ്യുകൾ, ഡിമാന്റ് ഡ്രാഫ്റ്റുകൾ, ട്രാൻസ്ഫറുകൾ, നെറ്റ് ബാങ്കിംഗ്, ജി-പെ എന്നിവയിലൂടെയുള്ള നിങ്ങളുടെ എല്ലാ സാമ്പത്തിക സംഭാവനകൾ അംഗീകരിക്കുവാനും ഞങ്ങൾ ശ്രമിക്കുന്നു. നിങ്ങൾക്കു ഞങ്ങളുടെ മറുപടികൾ, രസീതുകൾ, വിളിയുടെ പ്രതിധ്വനി വാർത്താക്കുറിപ്പ് എന്നിവ നിങ്ങൾക്കു ലഭിച്ചില്ലെങ്കിൽ +91 98410 71858 അല്ലെങ്കിൽ +91 98412 71858 എന്നീ നമ്പരുകളിൽ ബന്ധപ്പെടുവിൻ. ഞങ്ങൾ നിങ്ങളെ സഹായിക്കാൻ ഇവിടെയുണ്ട്.

ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*
***പാസ്റ്റർ അലക്സ് സാംസൺ സാം,***
***പാസ്റ്റർ എസ്. സാം സെൽവരാജ്***
(+91) 98412 71858/98410 71858,
E-mail : sam@echoofhiscall.org

****************************************

## നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്!

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.
- പാസ്റ്റർ സാം സെൽവരാജ്

****************************************

*1-ാം പേജിന്റെ തുടർച്ച...*

നിങ്ങൾ ഏതു വിഭാഗത്തിൽ പെടുന്നു എന്നു ഞാൻ അത്ഭുതപ്പെടുന്നു. സദൃശ്യവാക്യങ്ങൾ 19:21 ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: **മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളും ഉണ്ടു; യഹോവയുടെ ആലോചനയോ നിവൃത്തിയാകും.**

വിദ്യാഭ്യാസം, വിവാഹങ്ങൾ, കുഞ്ഞുങ്ങൾ, തൊഴിൽ, സ്വത്തു സമ്പാദിക്കൽ തുടങ്ങി നമ്മുടെ ഭാവിയെക്കുറിച്ച് നിരവധി പദ്ധതികൾ നമുക്ക് ആസൂത്രണം ചെയ്യാൻ കഴിയും. ഞങ്ങൾ നിരന്തരം ചിന്തിക്കുകയും തന്ത്രങ്ങൾ മെനയുകയും ചെയ്യുന്നു. എന്നിരുന്നാലും കർത്താവിന്റെ ആഗ്രഹങ്ങളും ഇച്ഛയുമാണ് സഫലമാകുന്നത്. സദൃശ്യവാക്യങ്ങൾ 16:9 ൽ **മനുഷ്യന്റെ ഹൃദയം തന്റെ വഴിയെ നിരൂപിക്കുന്നു; അവന്റെ കാലടികളെയോ യഹോവ ക്രമപ്പെടുത്തുന്നു** എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കെ.ജെ.വി. മലയാളം പതിപ്പിൽ "നിരൂപിക്കുന്നു" എന്നു പറയുന്നിടത്ത് തമിഴ് പതിപ്പിൽ "ഒരു മനുഷ്യന്റെ ഹൃദയം ചിന്തിക്കുന്നു" എന്നാണ് പറയുന്നത്. അത് നമ്മുടെ പാതകളെ സ്ഥാപിക്കുകയോ നയിക്കുകയോ ചെയ്യുന്നത് കർത്താവാണ് എന്നു ഊന്നിപ്പറയുന്നു.

ചിന്ത എന്നത് ദൈവം മനുഷ്യർക്കു നൽകിയ അസാധാരണമായ സമ്മാനമാണ്. ചിന്തകൾക്ക് അവിശ്വസനീയമായ വിധത്തിലുള്ള ശക്തിയുണ്ടെന്ന് മനശ്ശാസ്ത്രജ്ഞന്മാർ പോലും സ്ഥിരീകരിക്കുന്നു. അവ നമ്മുടെ പ്രവർത്തനങ്ങളെയും വികാരങ്ങളെയും നിയന്ത്രിക്കുന്നു. അതുകൊണ്ടാണ് നിങ്ങളുടെ മനസ്സിനെ കാത്തുസൂക്ഷിക്കാൻ വചനം നമ്മെ ഉപദേശിക്കുന്നത്. നാം പറയുന്നതിനെയും പെരുമാറുന്നതിനെയുമെല്ലാം ചിന്ത സ്വാധീനിക്കുന്നു. അതിനാൽ ചിന്ത നമ്മുടെ ജീവിതത്തിന്റെ നിർണ്ണായക വശമാണ്.

ഒരു ചിന്തക്ക് നമ്മുടെ ജീവിതഗതിയെ മാറ്റിമറിക്കാനുള്ള കഴിവുണ്ട്. ദൈവം നമ്മെക്കുറിച്ച് ചിന്തിക്കുന്നതെന്താണെന്ന് നമുക്ക് അന്വേഷിക്കാം. യിരെമ്യാവ് 29:11 ഇപ്രകാരം പ്രസ്താവിക്കുന്നു: **നിങ്ങൾക്കുവേണ്ടി ഞാൻ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്, തിന്മെക്കല്ല, നന്മെക്കുവേണ്ടി...** ദൈവത്തിന് പദ്ധതികൾ മാത്രമല്ല, അവന് നമ്മെക്കുറിച്ച് ചിന്തകളുണ്ട്, അത് അവൻ നമ്മെക്കുറിച്ച് സജീവമായി ചിന്തിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ലോകത്തിലെ സംഭവങ്ങൾ ആസൂത്രണം ചെയ്യുന്ന സൃഷ്ടാവായ ദൈവം എന്നെക്കുറിച്ച് ഇത്രമാത്രം ശ്രദ്ധാലുവായിരിക്കുന്നു എന്നുള്ളത് നിങ്ങൾക്ക് സങ്കല്പിക്കുവാൻ കഴിയുമോ? എന്റെ മാത്രമല്ല, എന്റെ തലമുറയുടെയും ഭാവിയും അവൻ നിർണ്ണയിക്കുന്നു. എന്നെ പരിപാലിക്കുകയും എന്നെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്ന ഒരു ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു എന്ന് അറിയുന്നത് ആഴത്തിലുള്ള ആശ്വാസമാണ്.

വചനം നമ്മെ പഠിപ്പിക്കുന്നത്: **എന്റെ വിചാരങ്ങൾ നിന്റെ വിചാരങ്ങളല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല** (യെശയ്യാവ് 55:8) എന്നാണ്. ഇത് എന്തുകൊണ്ടാണ്? നാം നമ്മെക്കുറിച്ച് ചിന്തിക്കുന്നതും കാണുന്നതും, ദൈവം നമ്മെ വീക്ഷിക്കുന്ന രീതിയും, നമ്മെക്കുറിച്ച് അവൻ ചിന്തിക്കുന്ന രീതിയും തികച്ചും വ്യത്യസ്ഥമാണ്.

ഉദാഹരണമായി, ന്യായാധിപന്മാരുടെ പുസ്തകം 6–ാം അദ്ധ്യായത്തിലെ ഗിദെയോനെ നോക്കുവിൻ. അവൻ മിദ്യാന്യരെ ഒളിച്ച് കരുവേലകത്തിന്റെ ചുവട്ടിൽ ഗോതമ്പു മെതിക്കുന്ന തിരക്കിലായിരുന്നു. പരസ്യമായി അതു ചെയ്യാൻ ഭയമായിരുന്നതിനാലാണ് അവൻ ഒളിച്ചു ചെയ്തത്. ഗിദെയോൻ ആരായിരുന്നു എന്നതിന്റെ യഥാർത്ഥ രൂപമായിരുന്നു അത്. എന്നാൽ, കർത്താവ് ഗിദെയോനെ കണ്ടുമുട്ടിയപ്പോൾ അവനെ അഭിസംബോധന ചെയ്ത രീതി ശ്രദ്ധിക്കുവിൻ- ന്യായാധിപന്മാർ 6:11,12

**ഗിദെയോൻ കോതമ്പു മിദ്യാന്യരുടെ കയ്യിൽ പെടാതിരിക്കേണ്ടതിന്നു മുന്തിരിച്ചക്കിന്നരികെ**



*ദൂതൻ ഗിദെയോന് പ്രത്യക്ഷനായി*

**വെച്ചു മെതിക്കയായിരുന്നു. യഹോവയുടെ ദൂതൻ അവന്നു പ്രത്യക്ഷനായി: അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെ ഉണ്ടു എന്നു അവനോടു പറഞ്ഞു.**

കർത്താവ് ഗിദെയോനെ വീരനായ ഒരു മനുഷ്യൻ എന്നു അഭിസംബോധന ചെയ്യുമ്പോൾ ഗിദെയോൻ തന്നെത്തന്നെ തികച്ചും വ്യത്യസ്തനായി കാണുന്നു. ന്യായാധിപന്മാർ 6:15 ൽ അവൻ ഇങ്ങനെ പ്രതികരിക്കുന്നു: **അയ്യോ, കർത്താവേ, ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും? മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽവെച്ചു ഞാൻ ചെറിയവനും അല്ലോ.**

ഗിദെയോൻ തന്നെത്തന്നെ ഏറ്റവും ദുർബലനും ഏറ്റവും ചെറിയവനായി കാണുന്നു എങ്കിലും ദൈവം അവനെ കാണുന്നത് തന്റെ ജനത്തെ വിടുവിക്കാനും ശത്രുക്കളെ തകർക്കാനും വിധിക്കപ്പെട്ട ശക്തനായ ഒരു മനുഷ്യനായാണ്.

പലപ്പോഴും നമ്മുടെ സ്വന്ത ചിന്തകളാണ് പുരോഗതിയിൽനിന്നു നമ്മെ തടയുന്നത്. നമുക്കു നൽകപ്പെട്ട ദാനങ്ങളെയും കഴിവുകളെയും വിളികളെയും നാം കുറച്ചു കാണുന്നതിനാൽ ദൈവീക ഉദ്ദേശ്യം നിറവേറുന്നത് പരാജയപ്പെടുന്നു.

## മുൻകൂട്ടി ചിന്തിക്കുക!

നേരെമറിച്ച് ചിലർ ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുന്നതിനുപകരം പക്വതയില്ലാതെ, സ്വന്തം പദ്ധതികളുമായി മുന്നോട്ടുപോകുന്നു. രണ്ടു യിസ്രായേല്യർ തമ്മിൽ യുദ്ധം ചെയ്യുന്നതുകണ്ടപ്പോൾ അവരെ വിടുവിക്കാമെന്നു കരുതി മോശെ ഇടപെട്ടു. പക്ഷെ, ദൈവത്തിന്റെ പദ്ധതി പ്രകാരം അവനു നിശ്ചയിക്കപ്പെട്ട സമയം ആകാത്തതിനാൽ ആ ഇടപെടൽ ദുരന്തത്തിൽ കലാശിച്ചു.

## ചിന്തകളുടെ ശക്തി!

നമ്മുടെ ചിന്തകൾ അസാധാരണമാംവിധം ശക്തമാണ്; അവ നമ്മുടെ പെരുമാറ്റത്തെയും വികാരങ്ങളെയും ഗണ്യമായി സ്വാധീനിക്കുന്നു. മനശ്ശാസ്ത്രജ്ഞന്മാരും ഇത് അംഗീകരിക്കുന്നതിനാലാണ് കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയിൽ (CBT) ഇത് ഒരു പ്രധാന പങ്കു വഹിക്കുന്നത്. ചിന്തകൾ നമ്മുടെ ജീവിതത്തിൽ ഒരു പ്രധാന പങ്കു വഹിക്കുന്നതിനാലാണ് നമ്മുടെ മനസ്സിനെ സൂക്ഷിക്കുവാൻ വചനം ഉപദേശിക്കുന്നത്. നമ്മുടെ മനസ്സിൽ നാം അനുവദിക്കുന്നത് നമ്മുടെ ചിന്തകളെ ആഴത്തിൽ സ്വാധീനിക്കുന്നു. തെറ്റായ ഒരു ചിന്തയ്ക്ക് നമ്മുടെ ജീവിതത്തിന്റെ മുഴുവൻ ഗതിയും തടസ്സപ്പെടുത്താനും ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന പദ്ധതികളിൽനിന്നും, ഉദ്ദേശ്യങ്ങളിൽനിന്നും നമ്മെ വ്യതിചലിപ്പിക്കുവാനും കഴിയും.

## ദാവീദിന്റെ ഉൾക്കാഴ്ചകൾ!

ദൈവത്തെ തന്റെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തു നിലനിറുത്തുകയും അവനെ പ്രസാദിപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത വ്യക്തിയായിരുന്നു ദാവീദ്. ശൗൽ ദാവീദിനെ നിരന്തരം പിന്തുടർന്നു എങ്കിലും ദൈവം ദാവീദിനെ ശൗൽ രാജാവിന്റെ കരങ്ങളിൽ ഏൽപ്പിച്ചില്ല. മൂന്നിലധികം തവണ ശൗൽ ദാവീദിന്റെ കരങ്ങളിൽ അകപ്പെട്ടു എങ്കിലും അവൻ ദൈവത്തിന്റെ അഭിഷിക്തനാണെന്നു പ്രഖ്യാപിച്ചുകൊണ്ട് ശൗലിനെ ഉപദ്രവിക്കാതിരിക്കാൻ ദാവീദ് തീരുമാനിച്ചു. യിസ്രായേൽ രാജാവെന്ന ദൈവീക പദവിക്ക് അനുസൃതമായി ശൗൽ പ്രവർത്തിക്കാതിരുന്നിട്ടും ദാവീദ് ശൗലിന്റെമേലുള്ള ദൈവീക അഭിഷേകത്തെ ബഹുമാനിച്ചു.

ഒരിക്കൽ ദാവീദ് കോട്ടകെട്ടിയ നഗരമായ കെയീലയിലേക്ക് പോയപ്പോൾ ശക്തമായ മതിലുകളാൽ ചുറ്റപ്പെട്ട പട്ടണത്തിൽ നിന്നും അവന് രക്ഷപ്പെടാൻ കഴിയില്ലെന്നു

6–ാം പേജിൽ തുടരും...


റസിഡൻഷ്യൽ ബൈബിൾ കോഴ്സ്
നെഹെമ്യ ബൈബിൾ കോളേജ്, ചെന്നൈ

ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS

ഭാഷ : ഹിന്ദി

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

അതിവേഗം അഡ്മിഷൻ നേടുവിൻ!

ദൈവീകശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്
വേദശാസ്ത്രത്തിൽ ഡിപ്ലോമ

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2–ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ – 600 005, ഇന്ത്യ
ഫോൺ : (91 – 44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഒക്ടോബർ 19** ⇨ തടസ്സങ്ങളുടെ മദ്ധ്യേയും ദൈവരാജ്യം കെട്ടിപ്പടുക്കാൻ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയെ പ്രാപ്തരാക്കുന്നതിനായി.

**ഒക്ടോബർ 20** ⇨ പ്രിൻസിപ്പാൾ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരുൾപ്പെടെ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 21** ⇨ അർപ്പണബോധമുള്ള അസ്സോസിയേറ്റ് എഡിറ്റർമാരാൽ **വിളിയുടെ പ്രതിധ്വനി** മാസികയെ അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 22** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ** പുതിയ പ്രിൻസിപ്പാളിനെ നൽകി അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 23** ⇨ ഞങ്ങളുടെ മാസിക 16 ഭാഷകളിൽ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും മിഷൻ ഫീൽഡുകളിലേക്ക് അയക്കാനും ഞങ്ങളെ പ്രാപ്തരാക്കുന്നതിനായി.

**ഒക്ടോബർ 24** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 25** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ 5 മിനിറ്റ് യൂട്യൂബ് ശുശ്രൂഷയുടെ സന്ദേശങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന നല്ല സാക്ഷ്യങ്ങൾക്കായി.

**ഒക്ടോബർ 26** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലയ്ക്കും കാര്യക്ഷമതയുള്ള ജീവനക്കാരുമായി അതിന്റെ തുടർച്ചയായ പ്രവർത്തനത്തിനുമായി.

**ഒക്ടോബർ 27** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യപങ്കാളികൾ എന്നിവരോടും കുടുംബാംഗങ്ങളോടുമുള്ള ദൈവീക കരുണക്കായി.

**ഒക്ടോബർ 28** ⇨ ഞങ്ങളുടെ വൈവിധ്യമായ ശുശ്രൂഷകളിൽ ദൈവത്തിന്റെ തുടർച്ചയായ മാർഗ്ഗനിർദ്ദേശത്തിനായി.

**ഒക്ടോബർ 29** ⇨ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളും ദൈവശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സുകളുടെയും വളർച്ച ആഘോഷിക്കുവാനായി.

**ഒക്ടോബർ 30** ⇨ നെഹെമ്യ ബൈബിൾ കോളേജിന്റെ സുഗമമായി പ്രവർത്തിക്കുവാൻ നൽകുന്ന ദൈവീക കൃപകൾക്കായി.

**ഒക്ടോബർ 31** ⇨ മിഷണറിമാരെയും കുടുംബാംഗങ്ങളെയും ദൈവം അനുഗ്രഹിച്ചതിനായി.

**നവംബർ 01** ⇨ സീനിയർ പാസ്റ്ററിനും വിവിധ മന്ത്രാലയങ്ങളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതക്കുമായി.

**നവംബർ 02** ⇨ മുഖ്യസഭയിൽ നടക്കുന്ന പുരുഷന്മാരുടെ യോഗത്തിന്റെ അനുഗ്രഹത്തിനായി.

**നവംബർ 03** ⇨ കഴിഞ്ഞ മാസത്തെ ആത്മീയവും സാമ്പത്തികവുമായ എല്ലാ ആവശ്യങ്ങളും നിറവേറ്റിത്തന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**നവംബർ 04** ⇨ ലോകമെമ്പാടുമുള്ള എല്ലാ പാസ്റ്റർമാരും മിഷണറിമാരുടെയും ദൈവീക സംരക്ഷണക്കായി.

**നവംബർ 05** ⇨ യുദ്ധം അവസാനിച്ചതിനായും റഷ്യയും ഉക്രെയിനും തമ്മിലുള്ള ഐക്യവു സമാധാനവും പുനസ്ഥാപിച്ചതിനുമായി.

**നവംബർ 06** ⇨ ക്രിസ്തീയ സംഘടനകളുടെയും പള്ളികളുടെയും സംരക്ഷണക്കും അനുഗ്രഹത്തിനുമായി.

**നവംബർ 07** ⇨ എല്ലാ വിശ്വാസികളുടെയും ഹൃദയങ്ങൾ ബോധവൽക്കരിക്കപ്പെടുവാൻ.

**നവംബർ 08** ⇨ സിസ്റ്റർ ജെസ്സി വീണ സാമിന് വീണ്ടും വന്ന രോഗത്തിൽനിന്നുള്ള വിടുതലിനായി.

**നവംബർ 09** ⇨ എല്ലാ ആത്മീയ നേതാക്കൾക്കുമായി.

**നവംബർ 10** ⇨ നമ്മുടെ മുതിർന്ന പാസ്റ്ററുടെ ആത്മകഥയുടെ രചനയിലുള്ള ദൈവീക നടത്തിപ്പിനായി.

**നവംബർ 11** ⇨ മിഷൻ ഫീൽഡിലെ പ്രവർത്തകർക്കായി.

**നവംബർ 12** ⇨ വിളിയുടെ പ്രതിധ്വനി ശുശ്രൂഷയിലേക്ക് കൂടുതൽ പ്രവർത്തകർ കടന്നുവരുവാൻ.

**നവംബർ 13** ⇨ ജീവനക്കാരുടെ ശമ്പളം, അച്ചടി സാമഗ്രികൾ വാങ്ങാൻ, തപാൽ ചിലവ്, ശുശ്രൂഷയുമായി ബന്ധപ്പെട്ട യാത്രാ ചെലവുകൾ എന്നിവക്കാവശ്യമായ സാമ്പത്തിക സഹായത്തിനായി.

**നവംബർ 14** ⇨ മയക്കുമരുന്നിന് അടിമയായവരുടെയും, തെറ്റു ചെയ്യുന്നവരുടെയും വിടുതലിനായി.

**നവംബർ 15** ⇨ യുവാക്കൾക്കും കുട്ടികൾക്കും വേണ്ടി പ്രാർത്ഥിക്കുവാനുള്ള ഗ്ലോബൽ വിഷൻ ഫോർ യൂത്ത് ആന്റ് കിഡ് കെയർ എന്ന സംരംഭത്തിൽ പുതിയ അംഗങ്ങൾ ചേർന്നതിനായി.

**നവംബർ 16** ⇨ മതങ്ങൾ തമ്മിലുള്ള ഐക്യത്തിനായി.

**നവംബർ 17** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കുവാൻ സഹായിക്കുന്നതിനായി.

**നവംബർ 18** ⇨ നേതാക്കൾ, ഭരണകർത്താക്കൾ, അധികാരികൾ എന്നിവരോടുള്ള ദൈവീക കരുണക്കായി.

... 4-ാം പേജിന്റെ തുടർച്ച

കരുതി ശൗൽ അവനെ പിടിക്കുവാനായി അവിടേക്കു പോയി (1 ശമൂവേൽ 23). എന്നിരുന്നാലും ദൈവം ദാവീദിനെ രക്ഷിച്ചതായി നാം കാണുന്നു. വീണ്ടും, 26-ാം അദ്ധ്യായത്തിൽ, ശൗൽ ദാവീദിനെ പിടികൂടാൻ അടുത്തു എങ്കിലും ഒരിക്കൽകൂടി രക്ഷപ്പെടാൻ ദൈവം ദാവീദിനെ സഹായിച്ചു.

26-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന മറ്റൊരു സന്ദർഭത്തിൽ ദാവീദിനെ തേടി പോയ ശൗലിനെ കൊല്ലാൻ ഒരു അവസരം ദാവീദിന് ഉണ്ടായി എങ്കിലും അഭിഷിക്തന്റെ മേൽ കൈവെക്കാതിരിക്കുവാൻ തീരുമാനിച്ച് അവിടം വിട്ടുപോയി. ഈ പരീക്ഷണങ്ങളിലുടനീളം ദൈവം ദാവീദിന്റെ ജീവിതത്തിൽ വിശ്വസ്തനായി തുടർന്നു. ദാവീദിനെ കൊല്ലാനായി ശൗൽ നിരന്തരം ശ്രമിച്ചു എങ്കിലും ദാവീദ് ദൈവത്തിന്റെ സംരക്ഷണത്തിലായിരുന്നതിനാൽ അവന് കഴിഞ്ഞില്ല. 1 ശമൂവേൽ 23:14 ൽ വിവരിച്ചിരിക്കുന്നതു പോലെ **ഇക്കാലത്തൊക്കെയും ശൗൽ അവനെ തിരഞ്ഞുകൊണ്ടിരുന്നു; എങ്കിലും ദൈവം അവനെ അവന്റെ കയ്യിൽ ഏൽപ്പിച്ചില്ല.**

എന്നിരുന്നാലും, നമ്മുടെ എല്ലാ ജീവിതങ്ങളിൽ സംഭവിക്കുന്നതുപോലെ ദാവീദിന്റെ ജീവിതത്തിലും സംഭവിച്ചു. നാം ദൈവത്തെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ അവൻ നമ്മെ സ്നേഹിക്കുന്നു എന്നും പരിപാലിക്കുകയും ചെയ്യുന്നു എന്ന് അറിയുകയും നാം ചോദിക്കുന്നതിലും സങ്കൽപ്പിക്കുന്നതിലും അധികമായി നമ്മെ അനുഗ്രഹിക്കുകയും ചെയ്യുന്നു. ഇതുപോലെ ദാവീദിന്റെ ജീവിതത്തിലും സംഭവിക്കുന്നു. എന്നാൽ നാം സംശയത്തിനടിമകളായി തെറ്റായ തീരുമാങ്ങൾ എടുക്കുകയും ചെയ്യുന്നു.

1 ശമൂവേൽ 27ൽ ദാവീദിന്റെ ജീവിതത്തിലെ കൗതുകകരമായ അദ്ധ്യായം ചിത്രീകരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ ഏറ്റവും താഴ്ന്ന നിലവാരങ്ങളിൽ ഒന്നാണ്.

ഇംഗ്ലീഷ് ബൈബിളിൽ "അപ്പോൾ ദാവീദ് ചിന്തിച്ചു" എന്ന വാക്യത്തോടെയാണ് ഇത് ആരംഭിക്കുന്നത്. ശൗൽ തന്നെ കീഴടക്കുമെന്ന് ദാവീദ് ഭയപ്പെടുകയും ശൗലിനെതിരെ നിൽക്കാൻ കഴിയുകയില്ല എന്ന് അവൻ വിശ്വസിക്കുകയും ചെയ്തു. തൽഫലമായി തന്റെയും, തന്നോടൊപ്പമുള്ളവരുടെയും സുരക്ഷ ഉറപ്പാക്കണമെന്ന് അവൻ തീരുമാനിച്ചു. കർത്താവിന്റെ കരങ്ങളിലല്ല, ശത്രുവിന്റെ കരങ്ങളിൽ താൻ സുരക്ഷിതനായിരിക്കുമെന്നു തെറ്റിദ്ധരിച്ച് ദാവീദ് ഫെലിസ്ത്യരെ അഭയം തേടാൻ തീരുമാനിക്കുന്നു.

ഈ കാലയളവിൽ ദാവീദ് ലൗകീക വിജയങ്ങൾ അനുഭവിച്ചതായി നാം കാണുന്നു. അവൻ എവിടെയൊക്കെ പോയോ അവിടെയെല്ലാം അവൻ വിജയിച്ചു; അവൻ സമ്പത്തും പ്രശസ്തിയും അധികാരവും സമ്പാദിച്ചു, അവന് ആവശ്യമായതെല്ലാം അവൻ നേടി, അവൻ ഒരു ജേതാവായിരുന്നു.

എന്നാൽ, വിജയങ്ങളും അനുഗ്രഹങ്ങളുമെല്ലാം ദൈവത്തിൽ നിന്നുള്ള ദാനങ്ങളായി നാം കരുതി ആശയക്കുഴപ്പത്തിലാക്കുന്നു. സാത്താനും നമുക്ക് സമ്പത്തും പ്രശസ്തിയും സമൃദ്ധിയും നൽകുന്നു. നമ്മുടെ അനുഗ്രഹങ്ങൾ ദൈവത്തിൽ നിന്നാണോ ശത്രുവിൽ നിന്നാണോ വരുന്നതെന്ന് തിരിച്ചറിയേണ്ടത് നിർണായകമാണ്. ഒരു അനുഗ്രഹം നമ്മെ ദൈവത്തിൽനിന്നും അകറ്റുകയാണെങ്കിൽ-അതായത് പള്ളിയിൽ പോയി ആരാധിക്കുന്നതിനു തടസ്സമായി വരുന്ന ജോലിയോ വിദ്യാഭ്യാസമോ അല്ലെങ്കിൽ അവനുമായുള്ള ബന്ധം ആഴത്തിലാക്കുന്നതോ-നമ്മുടെ മുൻഗണനകൾ പുനർവിചിന്തനം ചെയ്യാനുള്ള സമയമാണിത്. നാം ആസ്വദിക്കുന്നത് യഥാർത്ഥത്തിൽ ദൈവത്തിൽനിന്ന് ഉത്ഭവിച്ചതാണോ എന്നു നാം ചിന്തിക്കണം.

താൻ ചെയ്യുന്ന ക്രൂരമായ കൊലപാതകങ്ങളെല്ലാം ദൈവത്തെ പ്രസാദിപ്പിക്കുകയും തന്റെ പ്രവൃത്തികളെ ന്യായീകരിക്കുകയും ചെയ്യുന്നു എന്നു വിശ്വസിച്ച ദാവീദ് സന്തുഷ്ടനും സംതൃപ്തനുമായിരുന്നു. അതിശയകരമെന്നു പറയട്ടെ, ഈ കാലഘട്ടത്തിൽ ദാവീദ് സങ്കീർത്തനങ്ങളൊന്നും എഴുതിയതായി കാണുന്നില്ല. ഒരു മടിയും കൂടാതെ കൊല്ലാൻ അവനെ പ്രാപ്തനാക്കുന്ന ഒരു മാനസികാവസ്ഥയ്ക്ക് ഈ കാലഘട്ടം അടിത്തറയിട്ടതായി ഞാൻ കണക്കാക്കുന്നു. വചനം ഇങ്ങനെ പ്രസ്താവിക്കുന്നു: **എന്നാൽ ദാവീദ് ആ ദേശത്തെ ആക്രമിച്ചു; പുരുഷന്മാരെയും സ്ത്രീകളെയും ജീവനോടെ വെച്ചേച്ചില്ല; ആടുമാടുകൾ, കഴുതകൾ, ഒട്ടകങ്ങൾ, വസ്ത്രങ്ങൾ എന്നിവയൊക്കെയും അപഹരിച്ചു** (1 ശമൂവേൽ 27:9).

ഈ പെരുമാറ്റം അവനെ ക്രൂരനായ ഒരു കൊലയാളിയായി രൂപാന്തരപ്പെടുത്തി. ബെത്ശേബയുടെ ഭർത്താവായ ഊരിയാവെ കൊലപ്പെടുത്തുവാൻ പദ്ധതി തയ്യാറാക്കി അത് പ്രാവർത്തികമാക്കുവാനുള്ള മാനസികാവസ്ഥ അവനുണ്ടായി. തന്റെ പ്രവൃത്തികളിൽ അവൻ പശ്ചാത്താപം പ്രകടിപ്പിച്ചില്ല. കാരണം, ഈ ഒരു മാനസികാവസ്ഥ, താൻ ദൈവഹിതത്തിനും സാന്നിദ്ധ്യത്തിനും എതിരായി ഫെലിസ്ത്യ ദേശത്ത് പാർത്തിരുന്ന കാലത്തു അവൻ ഉണ്ടാക്കിയെടുത്തു.

8-ാം പേജിൽ തുടരും...


## നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്

**ചെപ്പോക്ക്, സന്തോഷപുരം, ചെന്നൈ**

ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS

**ഭാഷ : തമിഴ്**

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

***ദൈവീകശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്***
***വേദശാസ്ത്രത്തിൽ ഡിപ്ലോമ***

**യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ**

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ - 600 005, ഇന്ത്യ
**ഫോൺ** : (91- 44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

✶ **ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ്** ✶

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | - 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | - ബൈബിൾകോർ - തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | - മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | - രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | - ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | - പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | - പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | - ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | - രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | - ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | - ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് - തമിഴ് ആരാധന | - ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | - ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | - വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | - ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | - ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | - ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | - രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | - ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | - രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | - ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | - ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | - രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

**WANTED**

**PRINCIPAL**

**for**

**CHRISTIAN MATRICULATION SCHOOL**
**at**
**Chennai.**

We need well qualified, experienced, dedicated, hard working and mission oriented Christian.

Apply to :
E.mail: biblecor@yahoo.co.in
WhatsApp: (+91) 97908 05460

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

“വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” (മത്തായി 24:15)

## അതിശയകരം പക്ഷെ സത്യം!

ഒരിക്കൽ എന്റെ മകൻ അലക്സ് സാംസണും ഞാനും ഒരു വിദേശരാജ്യത്ത് കർത്താവിന്റെ വചനം പങ്കിടാൻ ക്ഷണിക്കപ്പെട്ടു. ഞങ്ങളെ ക്ഷണിച്ച സഹോദരൻ ഞങ്ങളുടെ യാത്രാച്ചെലവുകൾ വഹിക്കാമെന്നു വാഗ്ദത്തം ചെയ്തു. കർത്താവ് ഞങ്ങളെ ഈ രാജ്യത്തേക്കു നയിക്കുകയും അനുഗ്രഹീതമായ ശുശ്രൂഷ നൽകുകയും ചെയ്തു. കർത്താവ് ശക്തമായി പ്രവർത്തിക്കുകയും തനിക്കായി നിരവധി ആത്മാക്കളെ തിരഞ്ഞെടുക്കുകയും ചെയ്തു.

ശുശ്രൂഷയുടെ ദിവസങ്ങൾ അവസാനിച്ചതിനാൽ ഞങ്ങൾ മടങ്ങാനുള്ള തയ്യാറെടുപ്പിലായിരുന്നു. എന്നാൽ, ഞങ്ങളെ ക്ഷണിച്ച സഹോദരന് ഞങ്ങളുടെ യാത്രാചെലവ് സംബന്ധിച്ച വാഗ്ദാനം നിറവേറ്റാൻ സാധിച്ചില്ല. ഈ അപ്രതീക്ഷിത വഴിത്തിരിവ് ഞങ്ങളുടെ അടുത്ത യാത്രയ്ക്ക് വെല്ലുവിളിയായിത്തീർന്നു. എന്നിട്ടും, ഈ സംഭവം ഞങ്ങളുടെ സമാധാനത്തിനു ഭംഗം വരുത്തിയില്ല എന്നത് ശ്രദ്ധേയമാണ്. തിരുവചനം പറയുന്നതുപോലെ, **എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു** (റോമർ 8:28). ഈ വാക്യം ഞങ്ങൾക്ക് ആശ്വാസം പകർന്നു.

അടുത്ത നഗരത്തിലേക്കുള്ള വിമാന ടിക്കറ്റ് ഞങ്ങൾ വാങ്ങിയിരുന്നു എങ്കിലും ഞങ്ങൾക്കു ഭക്ഷണത്തിനു പണമില്ലായിരുന്നു. ഞങ്ങൾ വാങ്ങിയ ടിക്കറ്റുകൾ വിലകുറഞ്ഞതായതിനാൽ പണം കൊടുക്കാതെ എയർലൈൻ വെള്ളം പോലും നൽകില്ല. വിമാനം ലക്ഷ്യസ്ഥാനത്ത് എത്തിയപ്പോൾ ഞങ്ങൾ പട്ടിണിയും ദാഹവും സഹിച്ചു.

**മനുഷ്യൻ നോക്കുന്നതുപോലെയല്ല; മനുഷ്യൻ കണ്ണിൽ കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു - 1ശമൂവേൽ 16:7**

അതിശയകരമായതെന്തെന്നാൽ, ഞാനോ എന്റെ മകനോ ഈ വിഷയത്തിൽ ആരോടും വിദ്വേഷം പുലർത്തിയില്ല. വാഗ്ദാനം ചെയ്തതിൽ പരാജയപ്പെട്ടതിന് ഞങ്ങൾ ഒരിക്കലും സഹോദരനെ കുറ്റപ്പെടുത്തിയില്ല. ഞങ്ങൾ രണ്ടുപേരും അതിനെക്കുറിച്ചു മൗനം പാലിച്ചു, അസ്വസ്ഥരായതുമില്ല. ദൈവത്തിനു മഹത്വം.

അടുത്ത നഗരത്തിൽ എത്തിയപ്പോൾ ദൈവമക്കൾ ഞങ്ങളെ ഊഷ്മളമായി സ്വാഗതം ചെയ്യുകയും, ഞങ്ങളെ വിശ്രമസ്ഥലത്ത് കൊണ്ടുപോകുകയും അസാധാരണമായ രീതിയിൽ പരിപാലിക്കുകയും ചെയ്തു.

പിറ്റേന്ന് ഒരു സഹോദരൻ ഞങ്ങളെ സന്ദർശിച്ചു. അദ്ദേഹം ഞങ്ങളുമായി അല്പസമയം സംസാരിച്ചതിനുശേഷം ഒരു കവർ ഞങ്ങളെ ഏല്പിച്ചിട്ട് **പാസ്റ്റർ, നിങ്ങളുടെ അടിയന്തിര ചിലവുകൾക്കായി ഇതു നൽകാൻ ദൈവം നിർദ്ദേശിച്ചു** എന്നു പറഞ്ഞു. കവറിനുള്ളിൽ ഞങ്ങളുടെ യാത്രാചെലവുകളേക്കാൾ കൂടുതൽ പണം ഉണ്ടായിരുന്നു, അതിനാൽ ഞങ്ങൾക്ക് വലിയ സന്തോഷം ഉണ്ടായി. ആ സഹോദരനും അയാളുടെ സഭയും അടുത്ത സുഹൃത്തുക്കളായി. എത്ര വലിയ അത്ഭുതം! ഞങ്ങൾക്ക് ഒന്നും നഷ്ടമായില്ല. ദൈവം നമ്മെ നയിക്കുന്നത് ഇങ്ങനെയാണ്.

പ്രിയ വായനക്കാരാ, നിങ്ങളും കർത്താവിനെ സേവിക്കാൻ തീരുമാനിക്കുമോ? **ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മെക്കും കുറവില്ല** (സങ്കീർത്തനം 34:10). **യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ** (സങ്കീർത്തനം 34:8).

*6-ാം പേജിന്റെ തുടർച്ച...*

യിസ്രായേല്യർക്കും ശൗലിനുമെതിരെ യുദ്ധം ചെയ്യാൻ പോലും അവൻ പോയി. 29-ാം അദ്ധ്യായത്തിൽ ഫെലിസ്ത്യ സൈന്യാധിപൻ ഇങ്ങനെ പറയുന്നതു നാം കാണുന്നു: **അവനെ മടക്കി അയക്ക; അവൻ നമ്മോടുകൂടെ യുദ്ധത്തിന്നു പോരരുതു; യുദ്ധത്തിൽ അവൻ നമുക്കു ദ്രോഹിയായി തീർന്നേക്കാം.** ഒടുവിൽ അവർ ദാവീദിനെ തടഞ്ഞു.

ഒരിക്കൽ ഒരാൾ ദൈവത്തിൽനിന്ന് അകന്നു താണുപോയാൽ അതു കുത്തനെയുള്ള പതനമായി മാറുന്നു. ദാവീദ് അതിവേഗം താഴേക്കു പതിക്കുകയായിരുന്നു.

അവന്റെ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങൾ വളരെ ആഴത്തിലുള്ളതായിരുന്നു:

അവൻ മടങ്ങിയെത്തിയപ്പോൾ താൻ നേടിയതെല്ലാം നഷ്ടമായതായി കണ്ട് ഞെട്ടിപ്പോയി.

1 ശമൂവേൽ 30:1,2 **ദാവീദും അവന്റെ ആളുകളും മൂന്നാം ദിവസം സിക്ലാഗിൽ എത്തിയപ്പോൾ അമാലേക്യർ തെക്കെദേശവും സിക്ലാഗും ആക്രമിച്ചു സിക്ലാഗിനെ ജയിച്ചു അതിനെ തീവെച്ചു ചുട്ടുകളഞ്ഞിരുന്നു.**

**അവിടെയുള്ള വലിയവരും ചെറിയവരുമായ സ്ത്രീകളെ പിടിച്ചുകൊണ്ടു തങ്ങളുടെ വഴിക്കു പോയതല്ലാതെ ആരെയും കൊന്നില്ല.**

ദാവീദിന് തന്റെ ഭാര്യമാരുൾപ്പെടെ എല്ലാം നഷ്ടപ്പെട്ടു. എല്ലായിടത്തും അവനെ അനുഗമിക്കുകയും തന്റെ എല്ലാ യുദ്ധങ്ങളിലും പോരാടുകയും ചെയ്ത അവന്റെ കൂട്ടാളികളുടെ അചഞ്ചലമായ വിശ്വാസവും അവനു നഷ്ടമായി.

1 ശമൂവേൽ 30:6 ൽ ഇങ്ങനെ പറയുന്നു: **ദാവീദ് വലിയ കഷ്ടത്തിലായി... അവനെ കല്ലെറിയേണം എന്നു ജനം പറഞ്ഞു.**

ദാവീദിന് താൻ ഒറ്റപ്പെടുന്നതായി അനുഭവപ്പെട്ടു. എല്ലാവരും അവനെതിരായി തിരിയുന്നതായി അവനു തോന്നി. അവന് തന്റെ കുടുംബവും, ജോലിയും, സമ്പാദ്യവും,

പ്രശസ്തിയും എല്ലാം ഒരു രാത്രികൊണ്ട് നഷ്ടപ്പെട്ടു. അവനെ ആക്രമിക്കാനും കൊല്ലാനും പോലും സ്വന്തം ആളുകൾ തയ്യാറായി. അവന്റെ പ്രശ്നങ്ങളും വികാരങ്ങളും പങ്കുവയ്ക്കുവാനും അവന് തുറന്നു സംസാരിക്കാൻ പോലും ആരും ഉണ്ടായില്ല.

ഒരു നേതാവായിരിക്കുക എന്നത് പലപ്പോഴും ഏകാന്തമായ അനുഭവമായിരിക്കും. സാഹചര്യങ്ങൾ അനുകൂലമായിരിക്കുമ്പോൾ നേതാക്കൾക്ക് പ്രശംസ ലഭിക്കുന്നു. എന്നാൽ കാര്യങ്ങൾ കുഴപ്പത്തിലാകുമ്പോൾ അവരുടെ ഉള്ളിലെ വികാരങ്ങൾ പ്രകടിപ്പിക്കുവാനും പങ്കുവയ്ക്കുവാനും ആരും ഉണ്ടാകുകയില്ല. മറ്റുള്ളവരെപ്പോലെ തന്നെ ദാവീദിനും എല്ലാം നഷ്ടപ്പെട്ടു, എന്നിട്ടും അവന്റെ നിരാശകൾ പ്രകടിപ്പിക്കുവാനോ തന്റെ വേദന പുറത്തു പ്രദർശിപ്പിക്കുവാനോ അവന് ഒരു ഇടവും, ആരും ഉണ്ടായില്ല. അവന്റെ മാനസികാവസ്ഥ നിങ്ങൾക്കു സങ്കല്പിക്കുവാൻ കഴിയുമോ?

ചിലപ്പോഴൊക്കെ, ദൈവത്തിൽനിന്നു അകന്നു നിൽക്കുന്നതാണ് നല്ലത് എന്നു നാം വിശ്വസിക്കുന്നു. എന്നിരുന്നാലും, അവന്റെ അടുക്കൽ എപ്പോൾ വേണമെങ്കിലും കയറിച്ചെല്ലുവാനായി ദൈവം നമുക്ക് ഒരു നീണ്ട കയർ ഇട്ടുതന്നിരിക്കുന്നു. അതിനു കാരണം, അവന് നമ്മോടുള്ള സ്നേഹം അഗാധവും വ്യക്തവുമായതിനാലാണ്. അതു നമ്മുടെ പാപങ്ങളെയും അനുസരണക്കേടുകളെയും മറികടക്കുന്നു. അതുകൊണ്ടാണ് അവൻ സ്വർഗ്ഗീയ മഹിമകളെയെല്ലാം വെടിഞ്ഞ്, നമുക്ക് നിത്യജീവൻ വാഗ്ദത്തം ചെയ്യുവാനായി ലളിതമായ മനുഷ്യന്റെ രൂപം സ്വീകരിച്ചത്.

**അവൻ ദൈവരൂപത്തിൽ ഇരിക്കെ**

**ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ**

**ദാസരൂപം എടുത്തു**

**മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു.** -ഫിലിപ്പിയർ 2:6-8.

നമ്മുടെ നിലനില്പിന് ജീവനും അർത്ഥവും നൽകാനും നമ്മുടെ ജീവിതത്തിന് ലക്ഷ്യം നൽകാനുമാണ് അവൻ കാൽവരിയിൽ കുരിശിൽ മരിച്ചത്. അവൻ നമുക്കു പ്രതിഫലം നൽകാനായി മടങ്ങിവരുന്നു. നാം അവനെ സ്നേഹിക്കുകയും അവനുമായി ചേർന്ന് അടുപ്പമുള്ള നടത്തത്തിൽ ഏർപ്പെടുകയും ചെയ്യാനാണ് അവൻ ആഗ്രഹിക്കുന്നത്.

ദാവീദ് തന്റെ ശക്തി കർത്താവിൽ കണ്ടെത്തി!

ദാവീദ് വളരെ വിഷമത്തിലായിരുന്നു എന്ന് വേദപുസ്തകം പറയുന്നു. എന്നിരുന്നാലും കർത്താവിൽ തന്നെത്തന്നെ ശക്തിപ്പെടുത്തിയതായും വേദപുസ്തകം പറയുന്നു. ഒടുവിൽ, താൻ കർത്താവിൽനിന്നും എത്ര മാത്രം അകന്നുപോയി എന്ന് അവൻ മനസ്സിലാക്കി. ശക്തിയിൽ പുതുക്കപ്പെടാൻ അവൻ ദൈവത്തിങ്കലേക്കു മടങ്ങി. പ്രതീക്ഷ എല്ലാം നഷ്ടപ്പെട്ട അവസ്ഥയിൽ തന്നെ സഹായിക്കാൻ കഴിവുള്ള ദൈവമാണ് തന്റെ ശക്തിയുടെ ഏക ഉറവിടമെന്നു ദാവീദ് കണ്ടെത്തി. കഷ്ടകാലങ്ങളിൽ അവൻ എല്ലാക്കാലത്തെയും സഹായിയാണെന്ന് ദാവീദ് മനസ്സിലാക്കി. ദാവീദ് കർത്താവിന്റെ സാന്നിദ്ധ്യം തേടുകയും അടുത്തതായി താൻ എന്തു ചെയ്യണമെന്ന് ദൈവത്തോട് ആലോചന ചോദിക്കുകയും മാർഗ്ഗനിർദ്ദേശത്തിനായി അവന്റെ മുഖം തേടുകയും ചെയ്തതോടുകൂടി സർവ്വശക്തനിലുള്ള തന്റെ ആശ്രയം വ്യക്തമാക്കി. ഇത്തവണ കർത്താവിന്റെ ശക്തിയോടെ മുന്നോട്ടു പോകുവാൻ ദാവീദ് ആഗ്രഹിച്ചു.

ശക്തി, പ്രോത്സാഹനം, പാപമോചനം, പുനഃസ്ഥാപനം എന്നിവയ്ക്കായി അവന്റെ അടുക്കൽ കടന്നു വരുവാനും നാം ആയിരിക്കേണ്ട സ്ഥലത്തേക്ക് മടങ്ങിച്ചെല്ലാനുമായി നമ്മിൽ ചിലരെ ദൈവം ഇപ്പോൾ വിളിക്കുന്നു. ദൈവത്തിന്റെ കരങ്ങളിലേക്ക് വീഴാൻ ദാവീദ് മടിച്ചുനിന്നില്ല. അതുപോലെ ചെയ്യാൻ നാമും മടിക്കരുത്.

ദാവീദ് ദൈവത്തിങ്കലേക്കു മടങ്ങിവന്നപ്പോൾ **അമാലേക്യർ അപഹരിച്ചുകൊണ്ടുപോയിരുന്നതൊക്കെയും ദാവീദ് വീണ്ടുകൊണ്ടു** എന്ന് വേദപുസ്തകം പറയുന്നു (1 ശമൂവേൽ 30:18). കുടുംബം, പണം, പ്രശസ്തി, പദവി, സുഹൃത്തുക്കൾ, സ്വത്തുക്കൾ, സമ്പത്ത് എന്നിവ, തനിക്ക് നഷ്ടമായത് ഒക്കെയും അവൻ വീണ്ടെടുത്തു. ദാവീദിന് എല്ലാം തിരികെ ലഭിച്ചു, തനിക്കുവേണ്ടി മാത്രമല്ല, തന്റെ എല്ലാ ആളുകൾക്കുംകൂടി. നാം അവനിൽ ആശ്രയിക്കുമ്പോൾ, ഒന്നുമില്ല എന്നു തോന്നുന്നിടത്ത് ദൈവം ഒരു വഴി കണ്ടെത്തും. അമാനുഷ വാതിലുകൾ തുറക്കാൻ അവനു കഴിയും.

നിങ്ങളും ദാവീദിന്റെ അവസ്ഥയിൽ തന്നെയാണോ ആയിരിക്കുന്നത്? ആ അവസ്ഥയിലാണോ നിങ്ങൾ നിങ്ങളെത്തന്നെ കാണുന്നത്? നിങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ടുപോയി എന്നു തോന്നുകയും, ഇതൊക്കെയും വീണ്ടെടുക്കാൻ സാദ്ധ്യമാണോ എന്നു തോന്നുകയും ചെയ്യുന്നുവോ? ഇതിന് എന്തെങ്കിലും പോംവഴി ഉണ്ടോ, അതോ ഞാൻ തനിച്ചാണോ എന്നു വിചാരിച്ചു ആശ്ചര്യപ്പെടുന്നുവോ?

പ്രീയ സഹോദരീ സഹോദരന്മാരേ, നാം തനിച്ചല്ല എന്ന് ആദ്യം ഓർക്കുക. ദൈവത്തിങ്കലേക്ക് ഓടി ചെല്ലുവിൻ. അവൻ നമ്മുടെ നന്മക്കായി എല്ലാം ക്രമീകരിക്കും.

പ്രീയപ്പെട്ട സുഹൃത്തുക്കളേ, ദാവീദിന്റെ ജീവിതത്തിലുണ്ടായ കുത്തനെയുള്ള തകർച്ച അദ്ദേഹത്തിന്റെ ചിന്തകളിൽനിന്ന് ഉടലെടുത്തതെന്നതിനാൽ നമ്മുടെ ചിന്തകളെ ശ്രദ്ധിക്കണം. നമ്മുടെ ദൈവം കരുണയുള്ളവനായതിനാൽ തുറന്ന കരങ്ങളുമായി മടങ്ങി വരാൻ അവൻ കാത്തിരിക്കുന്നു.

നിങ്ങൾ അവങ്കലേക്കു ഓടി ചെല്ലുമോ? ■

## ദയവായി ശ്രദ്ധിക്കുവിൻ!

### പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ആത്മകഥ!

**പാസ്റ്റർ സാം സെൽവരാജിന്റെ ആത്മകഥ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ് ഞങ്ങൾ. തന്റെ ശുശ്രൂഷയിലൂടെ ദൈവം നിങ്ങളുടെ ആത്മീയ വളർച്ചയെ എങ്ങനെ സ്വാധീനിച്ചു എന്നു വിശദമാക്കുന്ന പത്തു വരികൾ വരെയുള്ള നിങ്ങളുടെ സാക്ഷ്യങ്ങൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടാതെ, ആത്മകഥയിൽ ഉൾപ്പെടുത്തുന്നതിന് നിങ്ങളുടെ ഒരു ഫോട്ടോ കൂടെ അയച്ചു തന്നാൽ നന്നായിരുന്നു.**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
*Please subscribe*

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks. - Editor

## OUR BANK DETAILS:

### *1. Bank : State Bank of India*

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | S. Sam Selva Raj |
| A/C No. | : | 1023 2934 679 |
| IFSC | : | SBIN 00 00 249 |

SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

| | | |
|---|---|---|
| Branch | : | Anna Salai, Chennai-6 |
| Name | : | Echo of His Call |
| A/C No. | : | 6038 0502 2319 |
| IFSC | : | ICIC 000 6038 |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | Echo of His Call Educational Trust |
| A/C No. | : | 1023 2923 805 |
| IFSC | : | SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ് സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS / 1 Patrika Channel"
on 4th OCTOBER 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**